# MEMORIAL HERMANN SURGICAL HOSPITAL KINGWOOD
## നയം

**<u>നയത്തിന്റെ പേര്:</u>** സാമ്പത്തിക സഹായ നയം

**<u>പ്രസിദ്ധീകരണ തീയതി:</u>** 02/11/2019
**<u>പതിപ്പ്:</u>** 3

---

**<u>നയത്തിന്റെ ഉദ്ദേശ്യം:</u>**

സ്വന്തം കമ്മ്യൂണിറ്റിക്കുള്ളിൽ Memorial Hermann Surgical Hospital Kingwood ("MHSHK") സേവനം നൽകുന്നവർക്ക് വേണ്ട സാമ്പത്തിക പിന്തുണ തിരിച്ചറിയുന്നതിനും നൽകുന്നതിനും ഉള്ള ഒരു ക്രമാനുഗതമായ രീതി നിഷ്ക്കർഷിക്കുകയാണ് ഈ സാമ്പത്തിക സഹായ **<u>നയത്തിന്റെ</u>** ("FAP") ഉദ്ദേശ്യം.

Memorial Hermann Health System (MHHS)-ന്റെ ഒഴിവാക്കൽ ഉദ്ദേശ്യം വിപുലമാക്കുന്നതിന് സേവനം നൽകുന്ന, MHHS-ൻറെ ഒരു അനുബന്ധസ്ഥാപനമാണ് MHSHK. ഇന്റേണൽ റെവന്യൂ കോഡ് സെക്ഷൻ §501(c)(3) സ്റ്റേറ്റ് ലൈസൻസുള്ള ആശുപത്രികളാണ് MHHS പ്രവർത്തിപ്പിക്കുന്നത്. ഈ ആശുപത്രികൾ, ഹാരിസ്, മോണ്ട് ഗോമെറി, ഫോർട്ട് ബെൻഡ് (Harris, Montgomery, Fort Bend) എന്നിവിടങ്ങളിലെയും ചുറ്റുവട്ടത്തുള്ള കൗണ്ടികളിലെയും ആരോഗ്യ പരിചരണ ആവശ്യകതകൾ നിറവേറ്റുന്നു. പണമടയ്ക്കുന്നതിനുള്ള രോഗിയുടെ ശേഷി പരിഗണിക്കാതെ, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾ ആവശ്യമുള്ള, ഇൻഷൂറൻസ് ഇല്ലാത്തവരും വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരുമായ വ്യക്തികൾക്ക്, വിവേചനമില്ലാതെ, സാമ്പത്തിക സഹായത്തിന്റെ രൂപത്തിൽ, കമ്മ്യൂണിറ്റി ആനുകൂല്യങ്ങൾ നൽകുന്നതിൽ MHSHK പ്രതിജ്ഞാബദ്ധമാണ്.

**<u>വ്യാപ്തി:</u>**

MHHS- ന്റെ ഒഴിവാക്കൽ ഉദ്ദേശ്യം കൂടുതൽ പേർക്ക് പ്രയോജനപ്പെടുന്നതിനായി സേവനമനുഷ്ഠിക്കുന്ന സ്റ്റേറ്റ് ലൈസൻസുള്ള ഒരു ആശുപത്രി സംവിധാനമായ Memorial Hermann Surgical Hospital Kingwood-ന് ഈ FAP ബാധകമാണ്.

**<u>നയ പ്രസ്താവന:</u>**

1. MHSHK മൂല്യങ്ങളായ സഹാനുഭൂതി, കാര്യാധീശത്വം എന്നിവയ്ക്ക് അനുസൃതമായി, സഹായം ആവശ്യമുള്ള രോഗികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് MHSHK-യുടെ നയം. കൂടുതലായി, MHSHK ലഭ്യമാക്കുന്ന അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമുള്ള പരിചരണത്തിനായി രോഗികൾക്ക് സാമ്പത്തിക സഹായംനൽകുന്നതിനുള്ള ഒരു ചട്ടക്കൂട് നൽകുകയാണ് ഈ FAP-യുടെ ഉദ്ദേശ്യം.

2. നിർദ്ദിഷ്ട മാനദണ്ഡവും അപേക്ഷാ പ്രക്രിയയും ഈ FAP നിഷ്ക്കർഷിക്കുന്നു, ലഭ്യമാക്കിയ സേവനങ്ങൾക്ക് മുഴുവനായി പണമടയ്ക്കാൻ കഴിവില്ലാത്ത വ്യക്തികൾക്ക്, ഈ നിർദ്ദിഷ്ട മാനദണ്ഡത്തിനും അപേക്ഷാ പ്രക്രിയയ്ക്കും കീഴിൽ MHSHK സാമ്പത്തിക പിന്തുണ നൽകും.

3. MHSHK നൽകുന്ന എല്ലാ അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ പരിചരണത്തിനും ഈ FAP ബാധകമാണ്. ആശുപത്രിക്ക് പുറത്തുള്ള വൈദ്യ സേവന ദാതാക്കൾ ഈ FAP അനുസരിക്കാൻ ബാധ്യസ്ഥരല്ല, ഫിസിഷ്യൻ സേവനങ്ങൾക്കും ഇത് ബാധകമല്ല. ആശുപത്രി ഫെസിലിറ്റിയിൽ അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമുള്ള മറ്റ് പരിചരണം നൽകുന്ന, ഈ FAP-യുടെ ഭാഗമായി പരിരക്ഷയുള്ള ദാതാക്കളുടെ ലിസ്റ്റും ഈ FAP-യുടെ ഭാഗമായി പരിരക്ഷയില്ലാത്ത ദാതാക്കളുടെ ലിസ്റ്റും ഇനിപ്പറയുന്ന വിലാസത്തിലുള്ള ഞങ്ങളുടെ വെബ്സൈറ്റിൽ കാണാവുന്നതാണ്: http://www.memorialhermannkingwood.com/financial-assistance-program/. അടിയന്തിര വിഭാഗത്തിലും ഹോസ്പിറ്റൽ രജിസ്ട്രേഷൻ ഏരിയകളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെന്റുകളുടെ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും. തപാൽ വഴിയോ (281) 312-4012 എന്ന നമ്പറിൽ അല്ലെങ്കിൽ 281-312-4000 എന്ന നമ്പറിൽ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും.

4. സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട്, ഡിസ്കൗണ്ട് തുക എന്തെങ്കിലും ഉണ്ടെങ്കിൽ, അത് കണക്കാക്കുന്നതിന് MHSHK ഉപയോഗിക്കുന്ന മാനദണ്ഡം, MHSHK സേവനം നൽകുന്ന കമ്മ്യൂണിറ്റിക്കുള്ളിൽ FAP-ക്ക് വിപുലമായ പ്രചാരണം നൽകുന്നതിന് MHSHK കൈക്കൊള്ളുന്ന നടപടിക്രമങ്ങൾ, സാമ്പത്തിക സഹായത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിന് MHSHK ഉപയോഗിക്കുന്ന നടപടിക്രമം, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട നടപടിക്രമം എന്നിവ ഈ FAP വിവരിക്കുന്നു. പേയ്മെന്റ് നൽകാതിരിക്കുന്ന സാഹചര്യത്തിൽ MHSHK കൈക്കൊണ്ടേക്കാവുന്ന നടപടികൾ, MHSHK ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം എന്ന പേരിലുള്ള മറ്റൊരു നയത്തിൽ വിവരിച്ചിരിക്കുന്നു. http://www.memorialhermannkingwood.com/financial-assistance-program/, എന്ന MHSHK വെബ്സൈറ്റിൽ ഈ നയം ഡൗൺലോഡ് ചെയ്യാവുന്നതാണ്, അല്ലെങ്കിൽ അത്യാഹിത വിഭാഗത്തിലും ആശുപത്രി രജിസ്ട്രേഷൻ സ്ഥലങ്ങളിലും ഇതിന്റെ സൗജന്യ കടലാസ് പകർപ്പ് ലഭ്യമാണ്. തപാൽ വഴിയോ (281) 312-4012 എന്ന നമ്പറിൽ അല്ലെങ്കിൽ 281-312-4000 എന്ന നമ്പറിൽ വിളിച്ച്, ഓപ് ഷൻ 5 അമർത്തുക വഴിയോ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും.

5. സാമ്പത്തിക സഹായത്തിന് യോഗ്യത ഉണ്ടാകുന്നതിന്, രോഗികൾ ഒരു സാമ്പത്തിക സഹായ അപേക്ഷ പൂരിപ്പിക്കുകയും, ഇക്കാര്യം തെളിയിക്കുന്ന രേഖകൾക്കൊപ്പം അത് സമർപ്പിക്കുകയും വേണം. നിങ്ങൾ സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്ന സേവനങ്ങൾക്കായി ആദ്യ ബില്ലിംഗ് പ്രസ്താവന അയച്ച തീയതി കഴിഞ്ഞ് 240 ദിവസങ്ങൾക്കുള്ളിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. നടപടിക്രമ വിഭാഗം 9-ൽ വിവരിച്ചിരിക്കുന്ന പ്രകാരം ഒഴിവാക്കലുകൾ അനുവദിക്കപ്പെടും. നിലവിൽ ബാധകമാകുന്നതോ ഭാവിയിൽ ബാധകമായേക്കാവുന്നതോ ആയ ഏതൊരു ഫെഡറൽ, സ്റ്റേറ്റ് അല്ലെങ്കിൽ തദ്ദേശ നിയമങ്ങൾക്കും മേൽ ഈ FAP-ക്ക് പ്രഥമഗണന ഉണ്ടായിരിക്കുന്നതല്ല.

6. അർഹതയുള്ള എല്ലാ പരിചരണ എപ്പിസോഡുകൾക്കും, അർഹമായ സാമ്പത്തിക സഹായ കിഴിവിനുശേഷം തിരിച്ചടയ്ക്കേണ്ടതായി കണക്കാക്കിയ തുകയിലധികമായി രോഗി അടച്ചിട്ടുള്ള തുക തിരികെ നൽകും.

7. FAP-ക്ക് അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ MHSHK നടത്തിയിട്ടുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനുള്ള അന്തിമ അധികാരം MHSHK പേഷ്യന്റ് ബിസിനസ്സ് ഓഫീസിൽ നിക്ഷിപ്തമാണ്. സഹാനുഭൂതി, കാര്യാധീശത്വം എന്നീ മൂല്യങ്ങൾക്ക് അനുസൃതമായി, MHSHK-യുടെ കമ്മ്യൂണിറ്റിക്ക് ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ FAP. ഈ FAP-യുടെ അസ്തിത്വം, ഏതെങ്കിലുമൊരു രോഗിക്ക് സാമ്പത്തിക സഹായം നൽകണം എന്ന് നിഷ്കർഷിക്കുന്നില്ല, അതുപോലെ തന്നെ എന്തെങ്കിലും തരത്തിലുള്ള കരാർപരമായ അവകാശങ്ങളോ ബാധ്യതകളോ സൃഷ്ടിക്കുന്നുമില്ല. ഭാവിയിൽ MHSHK ഈ FAP പരിഷ്ക്കരിച്ചേക്കാം, അതിനെ ഡയറക്ടർ ബോർഡോ, സ്വന്തം വിവേചനാധികാര പ്രകാരം നിയോഗിക്കുന്ന വ്യക്തിയോ അംഗീകരിക്കുകയും ചെയ്തേക്കാം.

8. ഇവിടെ പ്രസ്താവിച്ചിട്ടുള്ള നയങ്ങളും നടപടിക്രമങ്ങളും ടെക്സാസ് സ്റ്റേറ്റിന്റെ ചട്ടങ്ങളും I.R.C §501(r)-ഉം അതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശവും പാലിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്.

## <u>വ്യവസ്ഥകളും നിർവചനങ്ങളും:</u>

1. *അപേക്ഷ:* സാമ്പത്തിക പിന്തുണ ലഭിക്കുന്നതിന് രോഗി പൂരിപ്പിക്കേണ്ട ഒരു അപേക്ഷ എന്നാണ് ഇതിനർത്ഥം.

2. *അപേക്ഷാ കാലയളവ്:* അപേക്ഷാ കാലയളവിൽ, MHSHK, സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ സ്വീകരിക്കുകയും, പ്രോസസ്സ് ചെയ്യുകയും ചെയ്യുന്നു. വ്യക്തിക്ക് പരിചരണം നൽകിയ ദിവസം മുതൽ അപേക്ഷാ കാലയളവ് ആരംഭിക്കുകയും, പരിചരണത്തിനായുള്ള ആദ്യ ബില്ലിംഗ് പ്രസ്താവനയുടെ തീയതി കഴിഞ്ഞ് 240-മത്തെ ദിവസംഅവസാനിക്കുകയും ചെയ്യുന്നു.

3. *പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ (AGB):* ഇൻഷൂറൻസുള്ള രോഗികൾക്ക് പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയിൽ (AGB) കൂടുതലായി, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ പരിചരണത്തിനായി, സാമ്പത്തിക സഹായത്തിന് അർഹരായ രോഗികളിൽ നിന്ന് ഈടാക്കുന്നതല്ല.

    a. “ലുക്ക്-ബാക്ക്” രീതി ഉപയോഗിച്ചാണ് MHSHK-യുടെ AGB ശതമാനം കണക്കാക്കുന്നത്, സേവന പേയ്മെന്റിനായി അനുവദിച്ചിട്ടുള്ള മൊത്തം Medicare-നെ, മുമ്പത്തെ 12 മാസ കാലത്തേക്കായുള്ള ക്ലെയിമുകളുടെ മൊത്ത തുകകൾ കൊണ്ട് ഹരിക്കുകയാണ് ഈ രീതിയിൽ ചെയ്യുന്നത്.

AGB-യേക്കാൾ അധികമായി രോഗികളിൽ നിന്ന് നിരക്ക് ഈടാക്കിയിട്ടില്ലെന്ന് ഉറപ്പാക്കാൻ, സാമ്പത്തിക പിന്തുണയ്ക്ക് അർഹരായ രോഗികൾക്ക് നൽകപ്പെടുന്ന ഡിസ്കൗണ്ടുകൾ, AGB ശതമാന നിരക്കുമായി തട്ടിച്ചുകൊണ്ട് അവലോകനം ചെയ്യും.

b. തെളിവ് എ - FAP-യുടെ പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ (AGB) എന്നതിൽ AGB ശതമാനങ്ങൾ കാണാവുന്നതാണ്.

c. പരിഷ്ക്കരിക്കപ്പെട്ട AGB ശതമാനങ്ങൾ, വാർഷികാടിസ്ഥാനത്തിൽ കണക്കാക്കുകയും, കലണ്ടർ വർഷം ആരംഭിച്ച് കഴിഞ്ഞ് 120-മത്തെ ദിവസത്തോടെ ബാധകമാക്കപ്പെടുകയും ചെയ്യും.

4. *വാർഷിക മൊത്ത ഗാർഹിക വരുമാനം:* കുടുംബത്തിന്റെ വാർഷിക വരുമാനവും, എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള നികുതി നൽകുന്നതിന് മുമ്പുള്ള പണ ആനുകൂല്യങ്ങളും കൂട്ടിയ തുകയിൽ നിന്ന്, കുട്ടികൾക്കായുള്ള സഹായങ്ങൾക്ക് നൽകിയ പേയ്മെന്റുകൾ കുറച്ചാൽ ലഭിക്കുന്ന, യുണൈറ്റഡ് സ്റ്റേറ്റ്സ് ഇന്റേണൽ റെവന്യൂ സർവീസിന് റിപ്പോർട്ട് ചെയ്യേണ്ട തുക. സമ്പാദ്യം, തൊഴിലില്ലായ്മാ വേതനം, ജോലിക്കാർക്കുള്ള നഷ്ടപരിഹാരം, സാമൂഹ്യ സുരക്ഷ, സപ്ലിമെന്റൽ സെക്യൂരിറ്റി വരുമാനം, പൊതുജന സഹായം, വയോജനങ്ങൾക്കുള്ള വേതനം, സർവൈവർ ആനുകൂല്യങ്ങൾ, പെൻഷൻ അല്ലെങ്കിൽ റിട്ടയർമെന്റ് വരുമാനം, പലിശ, ഓഹരി വിഹിതങ്ങൾ, ജീവനാംശം, കുട്ടികൾക്കുള്ള സഹായങ്ങൾ മറ്റ് ഉറവിടങ്ങൾ എന്നിവയൊക്കെ ഗാർഹിക വരുമാനത്തിൽ ഉൾപ്പെടും, എന്നാൽ ഇവയിൽ മാത്രമായി ചുരുക്കിയിട്ടുമില്ല.

5. *തിരഞ്ഞെടുക്കാനധികാരമുള്ള സേവനങ്ങൾ:* പെട്ടെന്നുള്ള പരിചരണം ആവശ്യമില്ലാത്ത അവസ്ഥ ചികിത്സിക്കുന്നതിനുള്ള സേവനങ്ങൾ. തിരഞ്ഞെടുക്കാനധികാരമുള്ള സേവനങ്ങളിൽ, രോഗിക്ക് പ്രയോജനപ്പെടുന്നവയും, എന്നാൽ അടിയന്തിരമായി ആവശ്യമില്ലാത്തതുമായ നടപടിക്രമങ്ങൾ ഉൾപ്പെടുന്നു, ഇവയിൽ വൈദ്യപരമായി ആവശ്യമുള്ള സേവനങ്ങളും വൈദ്യപരമായി ആവശ്യമില്ലാത്ത സേവനങ്ങളും ഉൾപ്പെടും. ഇത്തരം സേവനങ്ങൾക്ക് ഉദാഹരണങ്ങളാണ് സാധാരണഗതിയിൽ ആരോഗ്യ ഇൻഷൂറൻസ് പ്ലാനുകളുടെ പരിരക്ഷയിൽ വരാത്ത, രൂപഭംഗി മെച്ചപ്പെടുത്തുന്നതിന് വേണ്ടി മാത്രമായി ചെയ്യപ്പെടുന്ന കോസ്മെറ്റിക് ശസ്ത്രക്രിയയും ദന്ത ശസ്ത്രക്രിയയും. തിരഞ്ഞെടുക്കാനധികാരമുള്ള സേവനങ്ങളിൽ വൈദ്യപരമായുള്ള ആവശ്യം അല്ലാത്തവ, സാമ്പത്തിക സഹായത്തിന് പരിഗണിക്കപ്പെടില്ല.

6. *അടിയന്തിര സേവനങ്ങൾ:* മതിയായ മാത്രയിൽ തീവ്രതയുള്ള കടുത്ത രോഗലക്ഷണങ്ങൾ (കടുത്ത വേദന ഉൾപ്പെടെ) ഉള്ള ഒരു ആരോഗ്യ സ്ഥിതിയിലുള്ള ഒരു രോഗിക്ക് നൽകപ്പെടുന്ന സേവനങ്ങൾ; ഇത്തരത്തിലുള്ള രോഗിക്ക് അടിയന്തിര വൈദ്യ സഹായം നൽകാതിരുന്നാൽ, രോഗിയുടെ (അല്ലെങ്കിൽ ഗർഭിണിയായ സ്ത്രീയുടെ കാര്യത്തിൽ, സ്ത്രീക്കോ അവരുടെ ഗർഭസ്ഥ ശിശുവിനോ) ആരോഗ്യം ന്യായമായും പ്രതിസന്ധിയിലാകും അല്ലെങ്കിൽ ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുരുതരമായ വൈകല്യമുണ്ടാകും അല്ലെങ്കിൽ ശരീരത്തിന്റെ ഏതെങ്കിലും അവയവത്തിനോ ഭാഗത്തിനോ ഗുരുതരമായ വൈകല്യമുണ്ടാകും.

7. *അസാധാരണ പണമീടാക്കൽ നടപടികൾ (ECA-കൾ):* നിയമപരമായ അല്ലെങ്കിൽ ജുഡീഷ്യൽ പ്രക്രിയ ആവശ്യപ്പെടുന്ന പണമീടാക്കൽ നടപടികളാണിത്, ഇവയിൽ

മറ്റൊരു കക്ഷിക്ക് കടം വിൽക്കുന്നതോ, ക്രെഡിറ്റ് ഏജൻസികൾക്കോ ബ്യൂറോകൾക്കോ പ്രതികൂല വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതോ പോലുള്ള മറ്റ് നടപടികളും ഉൾപ്പെടാം. ECA-കളിൽ MHSHK ഏർപ്പെടുകയോ ECA-കളിൽ ഏർപ്പെടാൻ അതിൻറെ കളക്ഷനുകൾ വെണ്ടർമാരെ അനുവദിക്കുകയോ ചെയ്യുന്നില്ല. MHSHK-യുടെ പണമീടാക്കൽ നയങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ, MHSHK ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം എന്ന പേരിലുള്ള MHSHK-യുടെ നയത്തിൽ കാണാവുന്നതാണ്; ഈ നയത്തിന്റെ സൗജന്യ പകർപ്പുകൾ ഓൺലൈനിൽ ഇനിപ്പറയുന്ന വിലാസത്തിൽ ലഭ്യമാണ്: http://www.memorialhermannkingwood.com/financial-assistance-program/ എമർജൻസി വിഭാഗത്തിലും ആശുപത്രി രജിസ്ട്രേഷൻ സ്ഥലങ്ങളിലും അഭ്യർത്ഥിക്കുകയോ (281) 312-4012 എന്ന നമ്പറിലോ 281-312-4000 എന്ന നമ്പറിലോ വിളിച്ചുകൊണ്ട് ഓപ്ഷൻ 5 തിരഞ്ഞെടുക്കുകയോ ചെയ്താൽ സൗജന്യ കടലാസ് പകർപ്പുകൾ ലഭിക്കുന്നതാണ്.

8. *കുടുംബം:* രോഗി, രോഗിയുടെ ജീവിതപങ്കാളി/സിവിൽ യൂണിയൻ പങ്കാളി, രോഗിയുടെ രക്ഷിതാക്കൾ അല്ലെങ്കിൽ രക്ഷാകർത്താക്കൾ (രോഗി പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ), രോഗിയുടെ അല്ലെങ്കിൽ രക്ഷിതാക്കളുടെ ആദായ നികുതി റിട്ടേണിൽ കാണിച്ചിരിക്കുന്ന, രോഗിയുടെയോ രോഗിയുടെ രക്ഷിതാക്കളുടെയോ രക്ഷാകർത്താക്കളുടെയോ വീട്ടിൽ താമസിക്കുന്ന ആശ്രിതർ.

9. *ഫെഡറൽ ദാരിദ്ര്യ രേഖ ("FPL"):* ദാരിദ്ര്യ രേഖയിലാണെന്ന് വ്യക്തിയെന്ന് പരിഗണിക്കപ്പെടുന്ന വരുമാന നില. കുടുംബ യൂണിറ്റിന്റെ വലുപ്പം അനുസരിച്ച് ഈ വരുമാന നില വ്യത്യാസപ്പെടുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ആൻഡ് ഹ്യൂമൻ സർവീസസ് വാർഷികാടിസ്ഥാനത്തിൽ ദാരിദ്ര രേഖ പുതുക്കി നിശ്ചയിക്കുകയും ഫെഡറൽ രജിസ്റ്ററിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഈ FAP-യുടെ ഉദ്ദേശ്യങ്ങൾക്കായി, പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ദാരിദ്ര്യ രേഖ പ്രതിനിധീകരിക്കുന്നത് മൊത്ത വരുമാനത്തെയാണ്. ഈ FAP-യുടെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള FPL വാർഷികാടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കും. തെളിവ് ബി - FAP-യുടെ ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങളിൽ നിലവിലെ FPL-കൾ കാണാവുന്നതാണ്.

10. *സാമ്പത്തിക സഹായം:* FAP-യിൽ നിർവചിക്കുന്ന പ്രകാരമുള്ള ചില സാമ്പത്തികവും മറ്റ് തരത്തിലുള്ളതുമായ യോഗ്യതാ മാനദണ്ഡം നിറവേറ്റുന്ന രോഗികൾക്ക്, MHSHK മുഖേന നൽകപ്പെടുന്ന, വൈദ്യപരമായി ആവശ്യമായതോ അടിയന്തിരമോ ആയ ആരോഗ്യ പരിചരണ സേവനങ്ങൾക്കായി പണമടയ്ക്കുന്നതിന് ആവശ്യമായ സാമ്പത്തിക വിഭവസാമഗ്രികൾ കരസ്ഥമാക്കാൻ സഹായിക്കുന്നതിന് MHSHK നൽകുന്ന പിന്തുണയെയാണ് സഹായം കൊണ്ട് അർത്ഥമാക്കുന്നത്. ഇൻഷൂറൻസ് ഇല്ലാത്ത രോഗികൾ, താഴ്ന്ന വരുമാനമുള്ള രോഗികൾ, ഭാഗിക പരിരക്ഷ ഉള്ളവരും എന്നാൽ ചില മെഡിക്കൽ ബില്ലുകളിലെ ശേഷിക്കുന്ന തുക പൂർണ്ണമായോ ഭാഗികമായോ അടയ്ക്കാൻ കഴിയാത്തവരുമായ രോഗികൾ എന്നിവർ അർഹരായ രോഗികളിൽ ഉൾപ്പെടാം.

11. *വൈദ്യപരമായി ആവശ്യമായ സേവനങ്ങൾ:* തദ്ദേശ പ്രദേശത്തെ നല്ല വൈദ്യ സമ്പ്രദായത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതും, Medicare-ഉം Medicaid പ്രോഗ്രാമുകൾ മുഖേന പരിരക്ഷയും, വൈദ്യപരമായി ആവശ്യമാണെന്നുള്ള അംഗീകാരവും ലഭിക്കുന്നതും, രോഗിയുടെയോ ഫിസിഷ്യന്റെയോ സൗകര്യം മുൻ

നിർത്തി പെയ്യുന്നതല്ലാത്തതും ആയ രോഗാവസ്ഥയുടെ രോഗനിർണ്ണയം, നേരിട്ടുള്ള പരിചരണം,  ചികിത്സ, എന്നിവയ്ക്കായി നൽകപ്പെടുന്ന സേവനങ്ങളും, സപ്ലൈകളും. വൈദ്യപരമായി ആവശ്യമായ സേവനങ്ങളിൽ കോസ്മെറ്റിക് ശസ്ത്രക്രിയയോ സാമൂഹികമോ വിദ്യാഭ്യാസപരമോ തൊഴിൽപരമോ ആയ സേവനങ്ങൾ പോലെയുള്ള വൈദ്യേതര സേവനങ്ങളോ ഉൾപ്പെടുന്നില്ല.

12. *ലളിത ഭാഷയിലുള്ള സംഗ്രഹം (“PLS”):* MHSHK-യുടെ FAP ലളിതമായ ഭാഷയിലുള്ള ഒരു സംഗ്രഹത്തിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു: (a) അർഹതയുമായി ബന്ധപ്പെട്ട ആവശ്യതകളുടെയും നൽകപ്പെടുന്ന പിന്തുണയുടെയും ഒരു സംക്ഷിപ്ത വിവരണം; (b) സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ കരസ്ഥമാക്കാനാവുന്ന വെബ്സൈറ്റിന്റെയും ഭൗതിക ലൊക്കേഷനുകളുടെയും ഒരു പട്ടിക; (c) FAP-യുടെ ഒരു സൗജന്യ കടലാസ് പകർപ്പ് എങ്ങനെ കരസ്ഥമാക്കാം എന്നതിനെ കുറിച്ചുള്ള നിർദ്ദേശങ്ങൾ; (d) അപേക്ഷാ നടപടിക്രമവുമായി ബന്ധപ്പെട്ട സഹായം ലഭിക്കുന്നതിനുള്ള സമ്പർക്ക വിവരങ്ങൾ; (e) FAP-യുടെയും ബന്ധപ്പെട്ട ഡോക്യുമെന്റുകളുടെയും ഭാഷാ വിവർത്തനങ്ങളുടെ ലഭ്യത; ഒപ്പം (f) സാമ്പത്തിക സഹായത്തിന് അർഹതയുള്ളവരായി നിർണ്ണയിക്കപ്പെടുന്ന രോഗികളിൽ നിന്ന് അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾക്കായി, പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയേക്കാള് കൂടുതൽ ഈടാക്കില്ലെന്ന് സ്ഥിരീകരിക്കുന്ന ഒരു പ്രസ്താവന.

13. *ന്യായമായ പരിശ്രമങ്ങൾ:* രോഗിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നതിന് മുമ്പ്, FAP-യുടെ സാധാരണ ഭാഷയിലുള്ള സംഗ്രഹം നൽകിക്കൊണ്ട്, MHSHK-യുടെ FAP-യെ കുറിച്ച്, രോഗിക്ക് അറിയിപ്പ് നൽകുന്നതിന് MHSHK ന്യായമായ ശ്രമങ്ങൾ നടത്തും. കൂടാതെ, MHSHK FAP-യെ കുറിച്ച്, രോഗികളെ അറിയിക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ MHSHK കൈക്കൊള്ളും:

    a. *പൂർണ്ണമല്ലാത്ത അപേക്ഷകൾ:* പൂർണ്ണമല്ലാത്ത അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം സമർപ്പിക്കുന്നതെങ്കിൽ, എന്തൊക്കെ അധിക വിവരങ്ങളാണ്, അല്ലെങ്കിൽ പ്രമാണങ്ങളാണ് ആവശ്യമെന്ന് വിവരിക്കുന്ന രേഖാമൂലമായ ഒരു അറിയിപ്പ് MHSHK നൽകും.

    b. *പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷകൾ:* പൂർണ്ണമായി പൂരിപ്പിച്ച ഒരു സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ അയാളുടെ കുടുംബാംഗങ്ങൾ സമർപ്പിക്കുന്നതെങ്കിൽ, സമയബന്ധിതമായ സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ യോഗ്യതാനിർണ്ണയം പ്രമാണീകരിക്കുന്ന രേഖാമൂലമായ അറിയിപ്പ്, MHSHK നൽകും. കൂടാതെ, നിർണ്ണയത്തെ (ബാധകമെങ്കിൽ, രോഗിക്ക് എന്തു സഹായത്തിനാണോ അർഹതയുള്ളത്, അതുൾപ്പെടെ) കുറിച്ചും നിർണ്ണയം എന്തിനെയൊക്കെയാണ് അടിസ്ഥാനമാക്കുന്നത് എന്നതിനെ കുറിച്ചും രോഗിയെ രേഖാമൂലമായി അറിയിക്കും. ഈ അറിയിപ്പിൽ, സാമ്പത്തിക സഹായ ശതമാന തുകയോ (അനുമതി ലഭിച്ച അപേക്ഷകൾക്കായി) അല്ലെങ്കിൽ, നിരസനത്തിനുള്ള കാരണമോ(കാരണങ്ങളോ), ബാധകമായിടത്ത് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം അടയ്ക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയോ കൂടി ഈ അറിയിപ്പിൽ ഉൾപ്പെടുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയുടെ

വിലയിരുത്തൽ വേളയിൽ, രോഗിക്ക് ഒപ്പം/അല്ലെങ്കിൽ കുടുംബത്തിന് പ്രസ്താവനകൾ ലഭ്യമാകുന്നത് തുടരും.

c. *രോഗിയെ സംബന്ധിച്ച പ്രസ്താവനകൾ:* രോഗിയുടെ അക്കൗണ്ട് വിവരവും നൽകാനുള്ള തുകയും വിശദീകരിക്കുന്ന പ്രസ്താവനകളുടെ ഒരു പരമ്പര MHSHK അയയ്ക്കുന്നതാണ്. ലഭ്യമായ ഏതെങ്കിലും ഇൻഷൂറൻസ് പരിരക്ഷയെ കുറിച്ച് MHSHK-യിനെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ഒരു അഭ്യർത്ഥന, MHSHK FAP-യുടെ അറിയിപ്പ്, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനുള്ള ഒരു ടെലിഫോൺ നമ്പർ, FAP ഡോക്യുമെന്റുകൾ കരസ്ഥമാക്കാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ *രോഗിയെ സംബന്ധിച്ച പ്രസ്താവനകളിൽ* ഉൾപ്പെടും.

d. *MHSHK വെബ്സൈറ്റ്:* MHSHK വെബ്സൈറ്റ് സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, ലളിതമായ ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക പിന്തുണ അപേക്ഷ, ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം എന്നിവ, ഇനിപ്പറയുന്ന MHSHK വെബ് സൈറ്റിൽ MHSHK പോസ്റ്റ് ചെയ്യും: http://www.memorialhermannkingwood.com/financial-assistance-program/ എമർജൻസി ഡിപ്പാർട്ട്മെന്റിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെന്റുകളുടെ സൗജന്യ പേപ്പർ പകർപ്പുകൾ MHSHK ലഭ്യമാക്കും.

14. *വേണ്ടത്ര ഇൻഷൂറൻസ് ഇല്ലാത്ത രോഗി:* ഒരു ഇൻഷൂറൻസ് പോളിസിക്ക് കീഴിൽ മുഴുവനായോ ഭാഗികമായോ പരിരക്ഷയുള്ള, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ പരിചരണം സ്വീകരിക്കുന്നതിന്റെ ഫലമായി, സ്വീകരിച്ച പരിചരണത്തിൻറെ ശേഷിക്കുന്ന തുക അടയ്ക്കുന്നതിന്അധികമായി തുക ചിലവാക്കേണ്ടിവരുന്ന ഒരു രോഗി.

15. *ഇൻഷൂറൻസ് ഇല്ലാത്ത രോഗി:* രോഗി നൽകുന്നതോ മറ്റ് ഉറവിടങ്ങളിൽ നിന്ന് കരസ്ഥമാക്കുന്നതോ ആയ രേഖകളെയും വിവരങ്ങളെയും അടിസ്ഥാനമാക്കി MHSHK നിർണ്ണയിക്കുന്ന പ്രകാരം, MHSHK നൽകുന്ന ആരോഗ്യ പരിചരണ സേവനങ്ങളുടെ പേയ്മെൻറിനായി, ആരോഗ്യ ഇൻഷൂറൻസ് പോളിസിക്ക് കീഴിൽ, മുഴുവനായോ ഭാഗികമായോ പരിരക്ഷയില്ലാത്ത, ഒരു പബ്ലിക്ക് അല്ലെങ്കിൽ സ്വകാര്യ ആരോഗ്യ ഇൻഷൂറൻസിനോ ആരോഗ്യ ആനുകൂല്യത്തിനോ മറ്റ് ആരോഗ്യ പരിരക്ഷാ പദ്ധതിക്കോ (സ്വകാര്യ ഇൻഷൂറൻസ്, Medicare അല്ലെങ്കിൽ Medicaid അല്ലെങ്കിൽ ക്രൈം വിക്റ്റിംസ് സപ്പോർട്ട് എന്നിവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രമായി പരിമിതപ്പെടുത്തുന്നുമില്ല) കീഴിൽ ഒരു ബെനിഫിഷ്യറി അല്ലാത്ത, വർക്കേഴ്സ് കോമ്പൻസേഷൻ, വാഹന ഇൻഷൂറൻസ് അല്ലെങ്കിൽ ബാധ്യത അല്ലെങ്കിൽ മറ്റ് മൂന്നാം കക്ഷി ഇൻഷൂറൻസ് എന്നിവയുടെ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാത്ത തരത്തിലുള്ള പരിക്കുള്ള ഒരു രോഗി.

**<u>അവലോകന മാനദണ്ഡങ്ങൾ:</u>**

1. *ആശയവിനിമയം:* സാമ്പത്തിക പിന്തുണ ലഭ്യമാണെന്ന കാര്യത്തെ കുറിച്ച് ഞങ്ങളുടെ രോഗികൾ, അവരുടെ കുടുംബങ്ങൾ, വിപുലമായ കമ്മ്യൂണിറ്റി എന്നിവർക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന്, MHSHK നിരവധി നടപടികൾ കൈക്കൊള്ളുന്നുണ്ട്. സാമ്പത്തിക പിന്തുണ ലഭ്യമാണെന്ന കാര്യം, ആശുപത്രികളിൽ വരുന്ന രോഗികളെയും സന്ദർശകരെയും അറിയിക്കുന്നതാണ് അതിലൊന്ന്. ഓരോ ആശുപത്രിയും സേവനം നൽകുന്ന വിപുലമായ കമ്മ്യൂണിറ്റിയിലെ അംഗങ്ങൾക്ക് ഇടയിൽ ഈ FAP വ്യാപകമായി പ്രചരിപ്പിക്കുന്നതാണ് മറ്റൊന്ന്. ഈ നടപടികളിൽ ഇനിപ്പറയുന്നവയും ഉൾപ്പെടുന്നു:

    a. *രോഗിയുടെസമ്മതപത്രം:* ആരോഗ്യ പരിചരണ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഒപ്പിടുന്ന ആരോഗ്യ പരിചരണ സമ്മതത്തിൽ, കാരുണ്യ സേവനങ്ങൾ ആവശ്യമാണെങ്കിൽ അഡ്മിഷൻ സമയത്ത് അല്ലെങ്കിൽ ഇനം തിരിച്ച ബില്ലോ പ്രസ്താവനയോ ലഭിച്ച് കഴിഞ്ഞ്, അർഹതയുടെ നിർണ്ണയത്തിനായി അഭ്യർത്ഥിക്കേണ്ടതാണ് എന്ന പ്രസ്താവന അടങ്ങിയിരിക്കുന്നു.

    b. *സാമ്പത്തിക ഉപദേശം:* ആശുപത്രി ആശുപത്രി ബില്ലിലെ തങ്ങളുടെ ഭാഗം അടയ്ക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന നില വരും എന്ന് ഭയക്കുന്ന MHSHK രോഗികൾ, ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിൽ നിന്ന് വിവരങ്ങൾ ചോദിച്ചറിയണമെന്ന് രോഗികളോട് ശുപാർശ ചെയ്യുന്നു. ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരും വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരും ഞങ്ങൾ നൽകുന്ന ആരോഗ്യ പരിചരണ സേവനങ്ങൾക്ക് പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സാമ്പത്തിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുമായ രോഗികൾക്ക് സഹായം നൽകുന്നതിന് ഞങ്ങളുടെ സാമ്പത്തിക ഉപദേഷ്ടാക്കൾ എല്ലാ പ്രയത്നങ്ങളും നടത്തും. സർക്കാർ ധനസഹായമുള്ള വിവിധ പദ്ധതികൾക്ക് കീഴിൽ ധനസഹായം ലഭിക്കാൻ രോഗികൾക്ക് അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് സാമ്പത്തിക ഉപദേഷ്ടാക്കൾ അവരെ സ്ക്രീൻ ചെയ്യുകയോ, വർക്കേഴ്സ് കോമ്പൻസേഷനോ ബാധ്യതാ ക്ലെയിമോ ആയി ബന്ധപ്പെട്ട് അവരെ സഹായിക്കുകയോ, പേയ്മെന്റ് അടച്ചുതീർക്കാൻ ഒരു വിപുലീകൃത സമയ പരിധി അനുവദിക്കുകയോ അല്ലെങ്കിൽ സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുന്നതിന് സഹയിക്കുകയോ ചെയ്യും.

    c. *ലളിതമായ ഭാഷയിലുള്ള സംഗ്രഹവും അപേക്ഷയും:* MHSHK-യുടെ FAP സാധാരണ ഭാഷയിലുള്ള സംഗ്രഹത്തിന്റെ ഒരു കടലാസ് പകർപ്പും സാമ്പത്തിക പിന്തുണയ്ക്കുള്ള അപേക്ഷയുടെ ഒരു പകർപ്പും, സേവനത്തിന്റെ ഏറ്റവുമടുത്ത പ്രായോഗിക സമയത്തിനുള്ളിൽ എല്ലാ രോഗികൾക്കും ലഭ്യമാക്കും. അടിയന്തിര വിഭാഗങ്ങളിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെന്റുകളുടെ സൗജന്യ കടലാസ് പകർപ്പുകൾ MHSHFK ലഭ്യമാക്കും. തപാൽ വഴിയോ 281-312-4012 എന്ന നമ്പറിൽ അല്ലെങ്കിൽ 281-312-4000 എന്ന നമ്പറിൽ

വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും.

d. *വിവർത്തനം ചെയ്ത പകർപ്പുകൾ ലഭ്യമാണ്:* ആശുപത്രി ഫെസിലിറ്റികൾ സേവനം നൽകുന്ന കമ്മ്യൂണിറ്റിയിലെ പരിമിത ഇംഗ്ലീഷ് പ്രാവീണ്യമുള്ള വ്യക്തികളെ പ്രതിനിധീകരിക്കുന്ന അഞ്ച് ശതമാനം (5%) പേർക്കായി അല്ലെങ്കിൽ 1,000 വ്യക്തികൾക്കായി, FAP, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ, ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം എന്നിവ MHSHK വിവർത്തനം ചെയ്യും. ഈ രേഖകളുടെ സൗജന്യ പകർപ്പുകൾ MHSHK വെബ്സൈറ്റിൽ MHSHK ലഭ്യമാക്കും, അടിയന്തിര വിഭാഗങ്ങളിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെന്റുകളുടെ സൗജന്യ കടലാസ് പകർപ്പുകൾ MHSHK ലഭ്യമാക്കും. തപാൽ വഴിയോ 281-312-4012 എന്ന നമ്പറിൽ അല്ലെങ്കിൽ 281-312-4000 എന്ന നമ്പറിൽ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും.

e. *അടയാളം:* സാമ്പത്തിക പിന്തുണയുമായി ബന്ധപ്പെട്ട എല്ലാ അടയാളങ്ങളും, അടിയന്തിര വിഭാഗവും രോഗി രജിസ്ട്രേഷൻ ഏരിയകളും ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രമായി പരിമിതിപ്പെടുത്താതെ, പൊതുജനങ്ങൾക്ക് വ്യക്തമായി കാണാൻ കഴിയുന്ന ഇടങ്ങളിൽ വ്യക്തമായും പ്രത്യക്ഷമായും സ്ഥാപിക്കുന്നതാണ്. സാമ്പത്തിക പിന്തുണ ലഭ്യമാണെന്ന് അടയാളം സൂചിപ്പിക്കും, കൂടുതൽ വിവരങ്ങൾക്കായി ഒരു സാമ്പത്തിക ഉപദേഷ്ടാവിനെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറും അടയാളത്തോടൊപ്പം നൽകിയിരിക്കും.

f. *വെബ്സൈറ്റ്:* MHSHK-യുടെ വെബ്സൈറ്റുകളിൽ, സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, സാധാരണ ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക പിന്തുണ അപേക്ഷ, ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച എന്നിവ MHSHK വെബ്സൈറ്റിൽ MHSHK പോസ്റ്റ് ചെയ്യും: http://www.memorialhermannkingwood.com/financial-assistance-program/

g. *രോഗിയുടെ ബില്ലുകളും പ്രസ്താവനകളും:* ലഭ്യമായ എന്തെങ്കിലും ഇൻഷൂറൻസ് പരിരക്ഷയെ കുറിച്ച് MHSHK-യെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന് ഒരു അഭ്യർത്ഥന, MHSHK FAP-യുടെ അറിയിപ്പ്, സാമ്പത്തിക പിന്തുണ അഭ്യർത്ഥിക്കുന്നതിനുള്ള ഒരു ടെലിഫോൺ നമ്പർ, സാമ്പത്തിക പിന്തുണയുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ കരസ്ഥമാക്കാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ രോഗിയ്ക്കുള്ള പ്രസ്താവനയിൽ ഉൾപ്പെടും.

h. *തപാൽ അല്ലെങ്കിൽ ഫാക്സ്:* രോഗികൾക്ക് തപാൽ വഴിയോ ഫാക്സ് വഴിയോ ഈ ഡോക്യുമെന്റുകളുടെ സൗജന്യ പകർപ്പുകൾക്കായുള്ള ഒരു

രേഖാമൂലമായ അഭ്യർത്ഥന ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കാവുന്നതാണ്, വ്യക്തിയുടെ മുഴുവൻ പേരും, MHSHK ഡോക്യുമെന്റുകൾ അയച്ച് തരേണ്ട തപാൽ വിലാസവും അഭ്യർത്ഥനയിൽ ഉൾപ്പെടുത്തണം.

Memorial Hermann Surgical Hospital Kingwood
Attn: Financial Assistance
300 Kingwood Medical Drive
Suite 100
Kingwood, Texas 77339
ഫാക്സ്: 281-358-2461

2. *യോഗ്യതാ നിർണ്ണയം:* സാമ്പത്തിക ആവശ്യകതയുടെ ഒരു വ്യക്തിഗത വിലയിരുത്തൽ ഉൾപ്പെടുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് സാമ്പത്തിക പിന്തുണ നിർണ്ണയിക്കപ്പെടുന്നത്. ഈ നടപടിക്രമങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

a) സ്ക്രീനിംഗ് പ്രക്രിയയുമായി രോഗിയോ ഗ്യാരണ്ടറോ സഹകരിക്കുകയും സാമ്പത്തിക ആവശ്യകതാ നിർണ്ണയം നടത്തുന്നതിന് ആവശ്യമായ വ്യക്തിഗത അല്ലെങ്കിൽ സാമ്പത്തിക വിവരങ്ങളും രേഖകളും നൽകുകയും ചെയ്യേണ്ടുന്ന ഒരു സാമ്പത്തിക പിന്തുണ അപേക്ഷാ പ്രക്രിയ;

b) ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നതിന് മുമ്പ്, സാധാരണ ഭാഷയിലുള്ള ഒരു സംഗ്രഹത്തിൽ MHSHK-യുടെ FAP-യെ കുറിച്ച് രോഗിക്ക് അറിയിപ്പ് നൽകുന്നത് ഉൾപ്പെടെ, രോഗിക്ക് FAP ലഭിക്കാൻ അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് ന്യായമായ എല്ലാ പ്രയത്നങ്ങളും MHSHK കൈക്കൊള്ളും. കൂടാതെ, MHSHK-യുടെ FAP-യെ കുറിച്ച്, രോഗികളെ അറിയിക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ MHSHK കൈക്കൊള്ളും:

i) *പൂർണ്ണമല്ലാത്ത അപേക്ഷകൾ:* പൂർണ്ണമല്ലാത്ത അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം സമർപ്പിക്കുന്നതെങ്കിൽ, പ്രാരംഭ അപേക്ഷ ലഭിച്ച് കഴിഞ്ഞ് നാൽപ്പത്തിയഞ്ച് (45) ദിവസത്തിനുള്ളിൽ എന്തൊക്കെ അധിക വിവരങ്ങളാണ് അല്ലെങ്കിൽ ഡോക്യുമെന്റേഷനാണ് ആവശ്യമെന്ന് വിവരിക്കുന്ന ഒരു രേഖാമൂലമായ അറിയിപ്പ് MHSHK നൽകും.

ii) *രോഗിയെ സംബന്ധിച്ച പ്രസ്താവനകൾ:* ലഭ്യമായ ഏതെങ്കിലും ഇൻഷുറൻസ് പരിരക്ഷയെ കുറിച്ച് MHSHK-യിനെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ഒരു പ്രസ്താവന, MHSHK-യുടെ FAP അറിയിപ്പ്, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനുള്ള ഒരു ടെലിഫോൺ നമ്പർ, FAP ഡോക്യുമെന്റുകൾ കരസ്ഥമാക്കാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ *രോഗിയെ സംബന്ധിച്ച പ്രസ്താവനയിൽ* ഉൾപ്പെടും.

iii) *MHSHK വെബ്സൈറ്റ്:* MHSHK-യുടെ വെബ്സൈറ്റുകളിൽ, സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷ, ബില്ലിംഗും

പണമീടാക്കലും സംബന്ധിച്ച നയം എന്നിവ: http://www.memorialhermannkingwood.com/financial-assistance-program/, എന്ന MHSHK വെബ്സൈറ്റിൽ MHSHK പോസ്റ്റ് ചെയ്യും.

iv) *അഭ്യർത്ഥിച്ചാൽ ലഭ്യമാക്കുന്ന ഡോക്യുമെന്റുകൾ:* FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷ, ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം എന്നിവയ്ക്കൊപ്പം FAP-യുടെ സൗജന്യ കടലാസ് പകർപ്പുകൾ MHSHK-യുടെ പക്കൽ ഉണ്ടായിരിക്കും, അടിയന്തിര വിഭാഗത്തിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും,അഭ്യർത്ഥിച്ചാൽ ഇവ ലഭിക്കും.

c) TransUnion വഴിയോ Experian വഴിയോ ക്രെഡിറ്റ് സ്കോറുകൾ ഉൾപ്പെടെ പണമടയ്ക്കുന്നതിനുള്ള ഒരു രോഗിയുടെയോ ഗ്യാരണ്ടറുടെയോ കഴിവിനെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന, പൊതുവായി ലഭ്യമായ ഡാറ്റാ ഉറവിടങ്ങളുടെ ഉപയോഗം;

d) MHSHK-ൽ നൽകപ്പെട്ട മുൻ സേവനങ്ങൾക്കായി കിട്ടാൻ ബാക്കിനിൽക്കുന്ന തുകകൾ, രോഗിയുടെ പേയ്മെന്റ് അല്ലെങ്കിൽ കിട്ടാക്കടത്തിന്റെ ചരിത്രം എന്നിവയുടെ ഒരു അവലോകനം;

e) MHSHK നൽകുന്ന സാമ്പത്തിക പിന്തുണയുടെ നിലകൾ തലം, വരുമാനത്തെയും കുടുംബ വലുപ്പത്തെയും FPL-നെയും അടിസ്ഥാനമാക്കുന്നു. ഇൻഷൂറൻസ് ഇല്ലാത്ത രോഗികൾക്കും ഇൻഷൂറൻസ് ഉള്ള രോഗികൾക്കും സാമ്പത്തിക പിന്തുണയ്ക്ക് അപേക്ഷിക്കാവുന്നതാണ്; കൂടാതെ

f) സാമ്പത്തിക പിന്തുണയ്ക്കുള്ള രോഗിയുടെ അർഹത, താഴെയുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കിയായിരിക്കും, അത് രോഗിയുടെ സാമ്പത്തിക നിലയെയും ദുർബലമായ സാമ്പത്തിക സാഹചര്യങ്ങളെയും മൂന്നാം കക്ഷി ആരോഗ്യ പരിചരണ ആനുകൂല്യങ്ങളുടെ ലഭ്യതയെയും അടിസ്ഥാനമാക്കി വ്യത്യാസപ്പെട്ടേക്കാം. ഫെഡറൽ സർക്കാർ FPL മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വാർഷികാടിസ്ഥാനത്തിൽ യോഗ്യതാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കപ്പെടും. മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വരുമാനത്തിനേക്കാൾ കൂടുതൽ വരുമാനമുള്ള കുടുംബങ്ങളെ പേയ്മെന്റ് പ്ലാൻ പരിഗണന ലഭിക്കാൻ അർഹതയുണ്ടോ എന്നറിയുന്നതിന് സ്ക്രീൻ ചെയ്യുന്നതാണ്.

3. *സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ അർഹത:* സാമ്പത്തിക സഹായം ലഭിക്കാൻ അർഹത നേടുന്ന ഇൻഷൂറൻസ് ഇല്ലാത്തവരും വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരുമായ രോഗികൾക്ക് നൽകുന്ന ഡിസ്കൗണ്ടുകൾ നിർണ്ണയിക്കുന്നതിന്, FPL-കളെ അടിസ്ഥാനമാക്കി, ഇനിപ്പറയുന്ന മാനദണ്ഡം ഉപയോഗിക്കപ്പെടും. വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്ത രോഗികൾ, കാരുണ്യത്തിന് അർഹതയുണ്ടാവുന്നതിന് മുമ്പ് ഇൻഷൂറൻസ് പ്രീമിയം അടച്ചിരിക്കണം. AGB-യേക്കാൾ അധികമായി രോഗികളിൽ നിന്ന് നിരക്ക് ഈടാക്കിയിട്ടില്ലെന്ന് ഉറപ്പാക്കാൻ, സാമ്പത്തിക പിന്തുണയ്ക്ക് അർഹരായ രോഗികൾക്ക് നൽകപ്പെടുന്ന ഡിസ്കൗണ്ടുകൾ, AGB ശതമാന നിരക്കുമായി തട്ടിച്ചുകൊണ്ട് അവലോകനം ചെയ്യും.

a. **സൗജന്യ പരിചരണം:**

i. ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്ത ഒരു രോഗിയുടെ വാർഷിക മൊത്ത ഗാർഹിക വരുമാനം, നിലവിലെ ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശത്തിന്റെ ഇരുന്നൂറ് ശതമാനത്തിന് (200%) തുല്യമാണെങ്കിലോ അതിലും കുറവാണെങ്കിലോ, മൊത്ത വരുമാന സാമ്പത്തിക സഹായ യോഗ്യതയുടെ പട്ടികയിൽ (തെളിവ് എ - പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ കണക്കാക്കൽ) നിഷ്ക്കർഷിച്ചിട്ടുള്ളത് പോലെ, സൗജന്യ പരിചരണം (100% ഡിസ്കൗണ്ട്) ലഭിക്കുന്നതിന് രോഗിക്ക് (അല്ലെങ്കിൽ മറ്റ് ഉത്തരവാദിത്തപ്പെട്ട കക്ഷിക്ക്) അർഹതയുണ്ടായിരിക്കും, അക്കൗണ്ട് ബാലൻസിൻറെ ഒരു ഭാഗത്തിനായും കടക്കാരനാക്കപ്പെടുകയുമില്ല.

ii. Medicare-ലൂടെ പ്രാഥമിക ആരോഗ്യ പരിരക്ഷ ഉള്ളവരും Medicaid-ലൂടെ ദ്വിതീയ പരിരക്ഷയ്ക്ക് അർഹതയുള്ളവരുമായ രോഗികൾക്ക്, Medicaid-ന് ബിൽ ചെയ്തതിനും THMP-യിൽ നിന്നോ കൈകാര്യം ചെയ്യുന്ന Medicaid ദാതാവിൽ നിന്നോ തീർപ്പ് കൽപ്പിക്കപ്പെട്ട ക്ലെയിം സ്വീകരിച്ചതിനും ശേഷം, ബാക്കി നിൽക്കുന്ന എന്തെങ്കിലും തുകയിൽ ഒരു നൂറ് ശതമാനം (100%) ഡിസ്കൗണ്ട് ലഭിക്കും.

b. **ഡിസ്കൗണ്ടുള്ള പരിചരണം:**

i. രോഗിയുടെ/വ്യക്തികളുടെ വാർഷിക മൊത്ത ഗാർഹിക വരുമാനം, നിലവിലെ ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശത്തിന്റെ ഇരുന്നൂറ് ശതമാനത്തെ (200%) മറികടക്കുന്നുവെങ്കിലും, നാനൂറ് ശതമാനത്തിലും (400%) കൂടുതലല്ലെങ്കിൽ, ഇൻഷൂറൻസ് പരിരക്ഷയുള്ള രോഗികൾക്ക് പൊതുവെ ബിൽ ചെയ്യുന്ന തുകയിലേക്ക് (AGB) നിരക്ക് ഡിസ്കൗണ്ടിന് അർഹതയുണ്ടായിരിക്കും.

ii. ആശുപത്രി ബില്ലുകളുമായി ബന്ധപ്പെട്ട് അക്കൗണ്ട് ബാലൻസിൽ ബാക്കി നിൽക്കുന്ന തുകയുള്ള രോഗികൾക്ക്, ഇനിപ്പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയാണെങ്കിൽ ഡിസ്കൗണ്ടിന് അർഹത ഉണ്ടായേക്കാം: 1) വ്യക്തിയുടെ വാർഷിക മൊത്ത ഗാർഹിക വരുമാനത്തിന്റെ പത്ത് ശതമാനത്തിലും (10%) മുകളിലാണ് ബാക്കി നിൽക്കുന്ന തുക; 2) ശേഷിക്കുന്ന തുക പൂർണ്ണമായോ ഭാഗികമായോ അടയ്ക്കാൻ രോഗിക്ക് കഴിവില്ല; ഒപ്പം 3) ശേഷിക്കുന്ന തുക ചുരുങ്ങിയത് $5,000 ആണ്. ഈ സാഹചര്യങ്ങളിൽ, FAP പ്രക്രിയയുമായി രോഗിയോ ഗ്യാരണ്ടറോ സഹകരിക്കുമെന്നും അർഹത നിർണ്ണയിക്കാൻ ആവശ്യമായ വ്യക്തിഗത വിവരങ്ങളും സാമ്പത്തിക വിവരങ്ങളും ഡോക്യുമെന്റേഷനും നൽകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. അംഗീകരിക്കപ്പെടുന്നുവെങ്കിൽ, അക്കൗണ്ട് ബാലൻസിൽ ബാക്കി നിൽക്കുന്ന തുകയിലേക്ക്, വാർഷിക മൊത്ത ഗാർഹിക വരുമാനത്തിൻറെ പത്ത് ശതമാനത്തിലും (10%) കൂടുതലല്ലാത്ത തുകയോ അല്ലെങ്കിൽ AGB ഡിസ്കൗണ്ട് പ്രയോഗിച്ചുകഴിഞ്ഞ്,

ഇവയിൽ കുറവായതും  രോഗിയുടെ സാമ്പത്തിക സാഹചര്യത്തിന് ഏറ്റവും പ്രയോജനപ്പെടുന്നതും ആയ തുക തിരിച്ചടയ് ക്കേണ്ടതാണ്.

4. *അർഹതയുടെ സമയപരിധി:*

   a. ഇൻഷൂറൻസ് പരിരക്ഷയില്ലാത്ത രോഗികൾക്ക്, സ്വയം പണമടയ്ക്കുന്ന എല്ലാ ഓപ്പൺ ബാലൻസുകൾക്കും നിലവിലെ പരിചരണത്തിനും, മുൻകാല പ്രാബല്യത്തോടെയായിരിക്കും സാമ്പത്തിക പിന്തുണയ്ക്കുള്ള അർഹതയും മുൻകൂർ അർഹതയും നിർണ്ണയിക്കുന്നത്. നടപടിക്രമ വിഭാഗം 3-ൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളെ അടിസ്ഥാനമാക്കി, രോഗികളുടെ അർഹത നിർണ്ണയിക്കപ്പെടും, വേഗത്തിലോ സമയാസമയങ്ങളിലോ ഉള്ള പേയ്മെന്റുകൾ നടത്തുന്നതിലൂടെ കോട്ടമൊന്നും സംഭവിക്കില്ല. കൂടാതെ, സാമ്പത്തിക സഹായത്തിന് അപേക്ഷ പൂരിപ്പിക്കുന്ന രോഗിക്ക്, കൂടുതൽ നടപടിയൊന്നും ആവശ്യമില്ലാതെ തന്നെ, ആറുമാസക്കാലത്തേക്ക് മുൻകൂറായി അധിക സാമ്പത്തിക സഹായം നൽകപ്പെടും. രോഗിയുടെ സാമ്പത്തിക സാഹചര്യത്തിൽ, ആറ് (6) മാസ കാലയളവിൽ സംഭവിക്കുന്നതും, സാമ്പത്തിക പിന്തുണാ അർഹതയുടെ നിർണ്ണയത്തെ ബാധിച്ചേക്കാവുന്നതുമായ എന്തെങ്കിലും സാരമായ മാറ്റത്തെ കുറിച്ച് സംഭവിച്ച് മുപ്പത് (30) ദിവസത്തിനുള്ളിൽ രോഗി MHSHK-യെ അറിയിക്കണം. ഗാർഹിക വരുമാനത്തിൽ ഉണ്ടാവുന്ന സാരമായൊരു മെച്ചപ്പെടൽ വെളിപ്പെടുത്താൻ രോഗി വീഴ്ച വരുത്തുന്ന പക്ഷം, സാരമായ മെച്ചപ്പെടൽ സംഭവിച്ചതിന് ശേഷം MHSHK മുഖേനയുള്ള സാമ്പത്തിക പിന്തുണയുടെ ഏതൊരു വകുപ്പും റദ്ദാക്കപ്പെടും.

5. *അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾ:* ഒരു ആശുപത്രി സംവിധാനത്തിൽ നൽകപ്പെടുന്ന അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങളിലേക്ക് മാത്രമായി സാമ്പത്തിക സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗത്തിലുള്ളതൊന്നും തന്നെ പണമടയ്ക്കുന്നതിനുള്ള രോഗിയുടെ കഴിവ് പരിഗണിക്കാതെ തന്നെ അടിയന്തിര ആരോഗ്യ അവസ്ഥകൾക്ക് ചികിത്സ നൽകണമെന്ന് നിഷ്ക്കർഷിക്കുന്ന ഫെഡറൽ അല്ലെങ്കിൽ സ്റ്റേറ്റ് നിയമങ്ങൾക്ക് അനുസൃതമായുള്ള MHSHK-യുടെ ബാധ്യതകളെയും സമ്പ്രദായങ്ങളെയും മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ഈ വിഭാഗത്തിലെ ഒന്നും.

6. *അപേക്ഷാ പ്രക്രിയ*

   a. *എങ്ങിനെ അപേക്ഷിക്കണം*: ഒരു സാമ്പത്തിക പിന്തുണയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച്, പിന്തുണയ്ക്കുന്ന ഡോക്യുമെന്റേഷനൊപ്പം സമർപ്പിക്കണം. അപേക്ഷയുടെ സൗജന്യ പകർപ്പുകൾ ഇനിപ്പറയുന്ന വിലാസത്തിലുള്ള MHSHK-യുടെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുന്നതിന് ലഭ്യമാണ്: http://www.memorialhermannkingwood.com/financial-assistance-program.അടിയന്തിര വിഭാഗത്തിലും രജിസ്ട്രേഷൻ ഏരിയകളിലും

സൗജന്യ കടലാസ് പകർപ്പുകൾ കിട്ടുന്നതാണ്. തപാൽ വഴിയോ 281-312-4012 എന്ന നമ്പറിൽ അല്ലെങ്കിൽ 281-312-4000 എന്ന നമ്പറിൽ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ കടലാസ് പകർപ്പുകൾ ലഭ്യമാകും.

b. അപേക്ഷകർക്ക്, പൂരിപ്പിച്ച അപേക്ഷാ ഫോമും പിന്തുണയ്ക്കുന്ന ഡോക്യുമെന്റുകളും, ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിന് അയയ്ക്കാവുന്നതാണ് അല്ലെങ്കിൽ താഴെ ലിസ്റ്റ് ചെയ്തിട്ടുള്ള വിലാസത്തിലേക്ക് തപാൽ മുഖേന അയയ്ക്കാവുന്നതാണ്. ഇൻഫർമേഷൻ ഡെസ്ക്ക് സന്ദർശിച്ചുകൊണ്ടും ഒരു സാമ്പത്തിക ഉപദേഷ്ടാവിനോട് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും രോഗികൾക്ക് ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിനെ കണ്ടെത്താനാകും. അപേക്ഷാ പ്രക്രിയയെ കുറിച്ച് ചോദ്യങ്ങൾ ഉണ്ടെങ്കിലോ അപേക്ഷ പൂരിപ്പിക്കുന്നതിന് സഹായം വേണമെങ്കിലോ സമർപ്പിച്ച അപേക്ഷയുടെ അവസ്ഥ പരിശോധിക്കുന്നതിനോ, ആശുപത്രിയിൽ നിങ്ങളെ നേരിട്ട് സഹായിക്കുന്നതിന് ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാക്കളുടെ സേവനം ലഭ്യമാണ് അല്ലെങ്കിൽ 281-312-4012 എന്ന നമ്പറിലോ 281-312-4000 എന്ന നമ്പറിലോ വിളിച്ചുകൊണ്ട് ഓപ്ഷൻ 5 അമർത്താവുന്നതാണ്.

c. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ അയയ്ക്കേണ്ടത് എവിടേക്കാണ്:

Memorial Hermann Surgical Hospital Kingwood
Attn: Financial Assistance
300 Kingwood Medical Drive
Suite 100
Kingwood, Texas 77339

-അല്ലെങ്കിൽ-

ഫാക്സ്: 281-358-2461

d. സാമ്പത്തിക സഹായത്തിനോ മുൻകൂർ അർഹതയ്ക്കോ പരിഗണിക്കപ്പെടുന്നതിനുള്ള അഭ്യർത്ഥനകൾക്ക്, അപേക്ഷാ കാലയളവിനുള്ളിൽ, ഇനിപ്പറയുന്ന വ്യക്തികളിൽ ഒരാൾക്ക് തുടക്കമിടാനാകും: (i) രോഗി അല്ലെങ്കിൽ ഗ്യാരണ്ടർ; (ii) രോഗിയുടെയോ ഗ്യാരണ്ടറുടെയോ ഒരു പ്രതിനിധി; (iii) രോഗിയുടെ/അപേക്ഷയുടെ പേരിൽ ഒരു MHSHK  പ്രതിനിധി; അല്ലെങ്കിൽ (iv) രോഗിയെ നോക്കുന്ന ഫിസിഷ്യൻ.

e. ഈ FAP-യിൽ മറ്റിടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പരിഗണനകൾ ഉണ്ടെന്നിരിക്കിലും, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ പ്രക്രിയയിൽ സഹകരിക്കേണ്ടതും പൂർണ്ണമായി പങ്കെടുക്കേണ്ടതും രോഗിയുടെ ഉത്തരവാദിത്തമാണ്. ലഭ്യമായ എന്തെങ്കിലും മൂന്നാം കക്ഷി ആരോഗ്യ പരിരക്ഷയെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതും സർക്കാർ അല്ലെങ്കിൽ മറ്റ് പദ്ധതികൾ (ഉദാഹരണത്തിന്, Medicare, Medicaid, മൂന്നാം കക്ഷി ബാധ്യത, ക്രൈം വിക്റ്റിംസ് ഫണ്ടിംഗ് മുതലായവ) വഴിയായുള്ള

ധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മറ്റ് സാമ്പത്തിക പിന്തുണയ്ക്കുള്ള രോഗിയുടെ യോഗ്യത നിർണ്ണയിക്കുന്നതിനോ ആവശ്യമായ എല്ലാ ഡോക്യുമെന്റേഷനും സർട്ടിഫിക്കേഷനുകളും കൃത്യസമയത്ത് സത്യസന്ധമായി നൽകുന്നതും രോഗിയുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുന്നത്, രോഗിയുടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയെ പരിഗണിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചേക്കാം. MHSHK അഭ്യർത്ഥിച്ച്, മുപ്പത് (30) ദിവസത്തിനുള്ളിൽ വിവരങ്ങളും സർട്ടിഫിക്കേഷനും ഡോക്യുമെന്റുകളും നൽകാൻ രോഗികൾ ബാധ്യസ്ഥരാണ് അല്ലെങ്കിൽ കാലതാമസത്തിനുള്ള കൃത്യമായ കാരണങ്ങൾ MHSHK-യുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. സാമ്പത്തിക പിന്തുണയ്ക്കുള്ള അപേക്ഷ, രോഗി (അല്ലെങ്കിൽ ഗ്യാരണ്ടർ/പ്രതിനിധി) പൂരിപ്പിക്കുകയും അതിൽ ഒപ്പിടുകയും വേണം.

f. സാമ്പത്തിക പിന്തുണയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രക്രിയയിൽ അപേക്ഷകനെ സഹായിക്കാൻ ഒരു സാമ്പത്തിക ഉപദേഷ്ടാവിന് കഴിയും. രോഗി മരിക്കുകയും ഉത്തരവാദപ്പെട്ട ഒരു കക്ഷിയെ കണ്ടെത്താനാകാതെ വരികയും ചെയ്താൽ, ഒരു MHSHK പ്രതിനിധി, അഭ്യർത്ഥന സൃഷ്ടിക്കുകയും ലഭ്യമായ വിവരങ്ങളും ഡോക്യുമെന്റുകളും ഉപയോഗിച്ച് അപേക്ഷ പൂർത്തിയാക്കുകയും ചെയ്യും.

8. *ഗാർഹിക വരുമാനം:*

a. രോഗിക്ക് ഗാർഹിക വരുമാനം തെളിയിക്കുന്നതിന് ഇനിപ്പറയുന്ന രേഖകളിൽ, ലഭ്യമായ, ഒന്നോ രണ്ടോ രേഖകൾ നൽകാവുന്നതാണ്. രോഗിയുടെ കുടുംബത്തിൽ ജോലിയുള്ള ഒന്നിലധികം ആളുകൾ ഉണ്ടെങ്കിൽ, ഓരോ വ്യക്തിയും താഴെ പറഞ്ഞിരിക്കുന്ന രേഖകളിൽ ഒന്നോ അതിലധികമോ സമർപ്പിക്കണം:

i. സമീപകാലത്ത് സമർപ്പിച്ച ഫെഡറൽ ആദായ നികുതി റിട്ടേൺ;
ii. ഏറ്റവും പുതിയ W-2, 1099 ഫോമുകൾ;
iii. ഏറ്റവും പുതിയ ശമ്പള ബിൽ (അല്ലെങ്കിൽ, ബാധകമെങ്കിൽ, തൊഴിലില്ലായ്മ പ്രസ്താവനയുടെയും സാമൂഹ്യ സുരക്ഷാ കത്തിൻറെയും ഒരു പകർപ്പ്);
iv. പണമായാണ് നൽകിയതെങ്കിൽ, തൊഴിലുടമയിൽ നിന്ന് ഒരു പ്രസ്താവന; അല്ലെങ്കിൽ
v. ഗാർഹിക വരുമാനത്തെ കുറിച്ച് ഒരു മൂന്നാം കക്ഷിയിൽ നിന്നുള്ള മറ്റെന്തെങ്കിലും സ്ഥിരീകരണം.

b. മുകളിൽ ലിസ്റ്റ് ചെയ്തിട്ടുള്ളതും സാക്ഷ്യപത്രത്തിൽ ഒപ്പിട്ടിട്ടുള്ളതുമായ ഓരോ കുടുംബാംഗത്തിന്റെയും (രോഗിയുടേത് ഉൾപ്പെടെ) വരുമാനം പ്രതിഫലിപ്പിക്കുന്ന രേഖകളിൽ ചുരുങ്ങിയത് ഒരെണ്ണമെങ്കിലും രോഗി നൽകിയിട്ടുണ്ടെങ്കിൽ, രേഖകൾ നൽകുന്നതിനുള്ള വീഴ്ചയെ അടിസ്ഥാനമാക്കി സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ

അപൂർണ്ണമായി പരിഗണിക്കപ്പെടില്ല; അത്തരം രേഖകൾ നൽകുന്നതിന് രോഗിക്കാവുന്നില്ലെങ്കിൽ, സാക്ഷ്യപത്രത്തിൽ ഒപ്പിട്ട ആളാണ് രേഖകൾ നൽകേണ്ടത്.

c. അപേക്ഷാ സാക്ഷ്യപത്രത്തിൽ അപേക്ഷകൻ ഒപ്പിടണം. സാരമായ തരത്തിലുള്ള വ്യാജ വിവരങ്ങളാണ് അപേക്ഷകൻ നൽകിയതെന്ന് പിന്നീട് തെളിവ് ലഭിക്കുകയാണെങ്കിൽ, MHSHK നിർണ്ണയം റദ്ദാക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്തേക്കാം.

*അധിക രേഖകൾ:* സ്വത്തുക്കളുടെയോ ചെലവുകളുടെയോ രേഖകൾ MHSHK-യുടെ FAP ആവശ്യപ്പെടുന്നില്ല. എന്നിരുന്നാലും, ഈ FAP അനുസരിച്ച് അപേക്ഷകർക്ക് മറ്റുതരത്തിൽ അർഹതയുള്ള തുകയ്ക്ക് തുല്യമോ അതിൽ കൂടുതലോ ആയ സാമ്പത്തിക സഹായത്തിനുള്ള ഒരു അഭ്യർത്ഥനയെ പിന്തുണയ്ക്കുന്നതിന്, സാമ്പത്തിക പ്രതിസന്ധിയെ പ്രതിഫലിപ്പിക്കുന്ന സ്വത്തുക്കൾ, ചെലവുകൾ, വരുമാനം, ബാക്കിനിൽക്കുന്ന കടങ്ങൾ അല്ലെങ്കിൽ മറ്റ് സാഹചര്യങ്ങൾ എന്നിവയെ കുറിച്ചുള്ള അധിക രേഖകൾ അപേക്ഷകർക്ക് നൽകാവുന്നതാണ്.

9. *വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ:* മെഡിക്കൽ ചെലവുകൾക്ക് പണം നൽകുന്നതിനുള്ള തന്റെ കഴിവിനെ കുറിച്ച്, അപേക്ഷകൻ മനപ്പൂർവ്വമായി സാരമായ തരത്തിൽ വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് നിർണ്ണയിക്കപ്പെട്ടാൽ, അപേക്ഷകന്റെ നിലവിലുള്ളതോ ഭാവിയിൽ നൽകുന്നതോ ആയ അപേക്ഷകൾ MHSHK നിരസിച്ചേക്കാം. കബളിപ്പിക്കാനല്ല വ്യാജമായ വിവരങ്ങൾ നൽകിയിരിക്കുന്നതെന്ന സാഹചര്യത്തിൽ, തിരുത്തിയ വിവരങ്ങളെയാണ് തീരുമാനമെടുക്കുന്നതിന് MHSHK ആശ്രയിക്കുക. രോഗി നൽകിയ സാരമായ തോതിലുള്ള വ്യാജ വിവരങ്ങളെ അടിസ്ഥാനമാക്കി ഇതിനകം തന്നെ സാമ്പത്തിക പിന്തുണ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, സാമ്പത്തിക പിന്തുണയെ പൂർവ്വകാല പ്രാബല്യത്തിൽ MHSHK റദ്ദാക്കും, ഈ സാഹചര്യത്തിൽ രോഗിയിൽ നിന്ന് ലഭിക്കേണ്ട തുക തിരികെ പിടിക്കാനുള്ള എല്ലാ നിയമാവകാശങ്ങളും MHSHK-യിൽ നിക്ഷിപ്തമാണ്. സാരമായ തോതിൽ വ്യാജ വിവരങ്ങൾ നൽകിയത് മനപ്പൂർവ്വമായിരുന്നില്ലെങ്കിൽ, തിരുത്തിയ വിവരങ്ങളെ അടിസ്ഥാനമാക്കി, MHSHK നിർണ്ണയം പരിഷ്ക്കരിക്കും.

**<u>ക്രോസ് റഫറൻസുകൾ:</u>**

രോഗി കൈമാറ്റ നയം (EMTALA, ടെക്സാസ് കൈമാറ്റ ചട്ട അനുവർത്തനം)
സാമ്പത്തിക സഹായത്തെ കുറിച്ച് ലളിത ഭാഷയിലുള്ള സംഗ്രഹം
സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ
ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം

**<u>തെളിവുകൾ:</u>**

തെളിവ് എ - പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ കണക്കാക്കൽ

തെളിവ് ബി - ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ

*അടുത്ത പേജിൽ തുടരുന്നു.*

## തെളിവ് എ - പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ കണക്കാക്കൽ

അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾക്കായുള്ള സേവനത്തിനായുള്ള Medicare ഫീസിന് MHSHK ഉപയോഗിക്കുന്ന ബില്ലിംഗുമായും കോഡിംഗുമായും ബന്ധപ്പെട്ട നടപടിക്രമത്തെയാണ് പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ അടിസ്ഥാനമാക്കുന്നത്. Medicare-ൽ നിന്ന് അനുവദിക്കപ്പെട്ടിരിക്കുന്ന മൊത്തം പേയ്മെന്റിനെ അത്തരം ക്ലെയിമുകൾക്ക് ബിൽ ചെയ്യപ്പെടുന്ന മൊത്തം തുക കൊണ്ട് ഹരിക്കും, AGB ശതമാനം കണക്കാക്കാൻ, ആ സംഖ്യയെ 1-ൽ നിന്ന് കുറയ്ക്കും.

**IP-ക്കായുള്ള (ഇൻപേഷ്യന്റിനായുള്ള) AGB % = Medicare IP അനുവദനീയ പേയ്മെന്റ് / Medicare IP മൊത്തം നിരക്കുകൾ**
**OP-ക്കായുള്ള (ഔട്ട്പേഷ്യന്റിനായുള്ള) AGB % = Medicare OP അനുവദനീയ പേയ്മെന്റുകൾ / Medicare OP മൊത്തം നിരക്കുകൾ**

| ഫെസിലിറ്റി | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് |
|---|---|---|
| Memorial Hermann Surgical Hospital - Kingwood | 30% | 14% |

സാമ്പത്തിക വർഷം 2019-ലെ (ജൂലൈ 2018 – ജൂൺ 2019) AGB തുകകൾ ഇനിപ്പറയുന്നത് പോലെയാണ്:

**പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ OP: 14%**
**പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ IP: 30%**

*അടുത്ത പേജിൽ തുടരുന്നു.*

## തെളിവ് ബി - ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ

ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുമ്പോൾ മൊത്ത പ്രതിമാസ വരുമാന സാമ്പത്തിക സഹായത്തിനുള്ള അർഹതയുടെ പട്ടിക പുതുക്കപ്പെടുന്നു. ഈ പട്ടിക വാർഷികാടിസ്ഥാനത്തിൽ പുതുക്കപ്പെടുന്നു.

മൊത്ത പ്രതിമാസ വരുമാന സാമ്പത്തിക സഹായത്തിനുള്ള അർഹതയുടെ പട്ടിക എന്നതിന്റെ അർത്ഥം, ഈ FAP-ക്ക് കീഴിൽ സാമ്പത്തിക സഹായത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിന് MHSHK ഉപയോഗിക്കുന്ന നിലവിലെ വരുമാന പട്ടിക എന്നാണ്.

ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ സമയാസമയങ്ങളിൽ ഭേദഗതി ചെയ്യുന്ന മുറയ്ക്കുള്ള, ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങളെയും ഹാരിസ് കൗണ്ടി ഹോസ്പിറ്റൽ ഡിസ്ട്രിക്റ്റ് അർഹതാ പട്ടികയെയും അടിസ്ഥാനമാക്കിയുള്ളതാണ് മൊത്ത പ്രതിമാസ ഗാർഹിക വരുമാന സാമ്പത്തിക സഹായത്തിനുള്ള അർഹതയുടെ പട്ടിക, അവലോകനം ചെയ്യുന്നതിനായി ഈ പട്ടിക ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

താഴെയുള്ള പട്ടിക കാണുക:

**Memorial Hermann Surgical Hospital Kingwood**
**മൊത്ത വരുമാന സാമ്പത്തിക സഹായത്തിനുള്ള അർഹതയുടെ പട്ടിക**

2019 ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ (FPG)
കുടുംബ വലുപ്പത്തെ അടിസ്ഥാനമാക്കി സാമ്പത്തിക സഹായത്തിനുള്ള അർഹതയ്ക്ക് ഉണ്ടായിരിക്കേണ്ട മൊത്ത വാർഷിക അല്ലെങ്കിൽ പ്രതിമാസ വരുമാനം.

| | FPG-യുടെ 100% | | FPG-യുടെ 200% | | 400% FPG | |
|---|---|---|---|---|---|---|
| കുടുംബ വലുപ്പം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം |
| 1 | $12,490 | $1,041 | $24,980 | $2,082 | $49,960 | $4,163 |
| 2 | $16,910 | $1,409 | $33,820 | $2,818 | $67,640 | $5,637 |
| 3 | $21,330 | $1,778 | $42,660 | $3,555 | $85,320 | $7,110 |
| 4 | $25,750 | $2,146 | $51,500 | $4,292 | $103,000 | $8,583 |
| 5 | $30,170 | $2,514 | $60,340 | $5,028 | $120,680 | $10,057 |
| 6 | $34,590 | $2,883 | $69,180 | $5,765 | $138,360 | $11,530 |
| 7 | $39,010 | $3,251 | $78,020 | $6,502 | $156,040 | $13,003 |
| 8 | $43,430 | $3,619 | $86,860 | $7,238 | $173,720 | $14,477 |

*8 ആളുകളേക്കാൾ അധികം വ്യക്തികളുള്ള കുടുംബങ്ങളുടെ കാര്യത്തിൽ, ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശം നിർണ്ണയിക്കുന്നതിന് ഓരോ അധിക വ്യക്തിക്കും $4,420 ചേർക്കുക.*